*Malayala Manorama* (Kochi, India), December 30, 2009

മെട്രോ മനോരമ

Guest

# ഏഷ്യയിൽ ഇന്ത്യ കൂടുതൽ ഇടപെടണം: ഡോ.ടി.വി.പോൾ



കാനഡ മോൺട്രിയോളിലെ മക്ഗിൽ യൂണിവേഴ്സിറ്റി ഇന്റർനാഷണൽ പീസ് ആൻഡ് സെക്യൂരിറ്റീസ് സ്റ്റഡീസ് ഡയറക്ടറും മഹാരാജാസ് കോളജിലെ പൂർവവിദ്യാർത്ഥിയുമായ ഡോ.ടി.വി.പോൾ 'മെട്രോ മനോരമ'യോട്.

ആഗോളവൽക്കരണത്തിന്റെ ഗുണഫലങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ ഇന്ത്യയിലെ യുവത്വത്തിനായെന്നും അതു വേണ്ടവിധം പ്രയോജനപ്പെടുത്താൻ കഴിയാതിരുന്നതാണ് പാക്കിസ്ഥാന്റെ കുഴപ്പങ്ങൾക്കു കാരണമെന്നും ഡോ.ടി.വി. പോൾ ചൂണ്ടിക്കാട്ടി. കാനഡയിലെ മോൺട്രിയോളിലെ മക്ഗിൽ യൂണിവേഴ്സിറ്റിയിലെ ഇന്റർനാഷണൽ പീസ് ആൻഡ് സെക്യൂരിറ്റീസ് സ്റ്റഡീസ് ഡയറക്ടറാണ് മലയാളിയും മഹാരാജാസ് കോളജിലെ പൂർവവിദ്യാർത്ഥിയുമായ പോൾ. പുതുതായി ഉയർന്നുവരുന്ന സമ്പന്നമായ മധ്യവർഗവും സമൂഹത്തിൽ ശക്തമായി ഇടപെടുന്ന അഭിഭാഷകലോകവും വിമർശനസ്വാതന്ത്ര്യമുള്ള മാധ്യമസമൂഹവും പാക്കിസ്ഥാനിലെ ജനാധിപത്യം ശക്തിയാർജിക്കുമെന്ന പ്രതീക്ഷയിലാണെന്ന് ഡോ. പോൾ ചൂണ്ടിക്കാട്ടി. പാക്കിസ്ഥാനിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ തകർച്ചയാണ് യുവാക്കൾക്ക് അവസരം കുറയാൻ കാരണമായത്. പക്ഷേ ചരിത്രപരമായി ജനാധിപത്യത്തിന് യോജിച്ച രീതിയിലേക്ക് വളരുന്നതിൽ പാക്കിസ്ഥാനിലെ രാഷ്ട്രീയപ്പാർട്ടികൾ പരാജയപ്പെട്ടു. അഴിമതിയും സ്വജനപക്ഷപാതവും വ്യാപകമാണ്. ഭൂപ്രഭുക്കൻമാർ നിയന്ത്രിക്കുന്ന ഒരു രാഷ്ട്രീയ വ്യവസ്ഥയിൽ നിന്ന് മോചനം നേടാൻ പാക്കിസ്ഥാന് കഴിയാത്തത് അവരുടെ ജനാധിപത്യത്തിന്റെ വലിയ പരാജയമാണെന്നും പാക്കിസ്ഥാൻ കേന്ദ്രീകൃതമായ പുസ്തകത്തിന്റെ രചനയിലേർപ്പെട്ട പോൾ ചൂണ്ടിക്കാട്ടി.

അമേരിക്കയുടെയും ചൈനയുടെയും അധികാരക്കളിയിൽ ഒരു ഫണ്ടിങ് കേന്ദ്രമായി പലപ്പോഴും അധഃപതിച്ചുപോയതാണ് പാക്കിസ്ഥാന്റെ രാഷ്ട്രീയ ചരിത്രമെന്നും പോൾ നിരീക്ഷിച്ചു. ഇന്ത്യയുമായുള്ള യുദ്ധത്തെ ഉള്ളുകൊണ്ടുഭയപ്പെടുന്ന പാക്കിസ്ഥാൻ കാർഗിൽ യുദ്ധത്തെ ഇപ്പോഴും തങ്ങൾക്കു പറ്റിയ തന്ത്രപരമായ പിഴവായാണ് കാണുന്നത്.

തെന്നേഷ്യയിൽ ഇന്ത്യ കൂടുതൽ ക്രിയാത്മകമായ റോൾ വഹിക്കേണ്ട കാലം കഴിഞ്ഞുവെന്ന അഭിപ്രായമാണ് ഡോ.പോളിന്. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യക്ക് അതിനുള്ള ശേഷിയുണ്ട്. സാമ്പത്തികരംഗത്തും അതിന്റെ പ്രയോജനങ്ങൾ ഇന്ത്യക്കുണ്ടാകും. ഉദാഹരണത്തിന് സുസുക്കി വാഹനങ്ങളുടെ വലിയൊരു വിപണിയാണ് പാക്കിസ്ഥാൻ. ഇപ്പോൾ അവർ പാർട്സുകൾ വാങ്ങുന്നത് ജപ്പാനിൽ നിന്നാണ്. ഇന്ത്യയിൽ നിന്നാണെങ്കിൽ അതിന്റെ മൂന്നിലൊന്ന് ചെലവേ വരൂ. ഇത്തരം നിരവധി സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്. ഇന്ത്യയുടെ ഭാഗമായിരിക്കുന്നതുകൊണ്ട് കൂടുതൽ അവസരങ്ങളും ടൂറിസംസാധ്യതകളും വരുമെന്നും അത് തങ്ങൾക്ക് പ്രയോജനപ്പെടുമെന്നും കശ്മീർയുവാക്കളെയും ബോധവൽക്കരിക്കേണ്ടതുണ്ട്.

ജപ്പാനിലെ ഹിരോഷിമ സന്ദർശിച്ചവേളയിൽ മനസിൽ തട്ടിയ അനുഭവങ്ങളുടെ പശ്ചാത്തലത്തിലെഴുതിയതാണ് പോളിന്റെ –ട്രഡിഷൻ ഓഫ് നോൺ യൂസ് ഓഫ് ന്യൂക്ലിയർ വെപ്പൺസ് എന്ന പുസ്തകം. അമേരിക്കൻ പ്രസിഡന്റ് ബരാക് ഒബാമക്ക് സമാധാനത്തിനുള്ള നൊബേൽപ്രൈസ് നൽകിയ വേദിയിൽ പോളിന്റെ ഈ പുസ്തകവും ( നോർവീജിയൻ നൊബേൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രദർശനത്തിനുവച്ചിരുന്നു.